## (13) എറണാകുളം ജില്ലയിലെ പശ്ചിമകൊച്ചി, ഇടക്കൊച്ചി പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കണമെന്ന ആവശ്യം

ശ്രീ. ജോൺ ഫെർണാണ്ടസ് : സർ, പശ്ചിമകൊച്ചി പ്രദേശം അടക്കമുള്ള പള്ളുരുത്തി, ചെല്ലാനം, കുമ്പളങ്ങി, പെരുമ്പടപ്പ് മട്ടാഞ്ചേരി, ഫോർട്ട് കൊച്ചി എന്നീ പ്രദേശങ്ങളിലൊക്കെ രൂക്ഷമായ ശുദ്ധജല ക്ഷാമം അനുഭവപ്പെട്ടു കൊണ്ടിരിക്കുകയാണ്. മുൻപ് പമ്പ് ചെയ്തുകൊണ്ടിരുന്ന ആലുവായിൽ നിന്ന് ഈ പ്രദേശങ്ങളിലേക്ക് ഇപ്പോൾ വെള്ളം പമ്പ് ചെയ്യുന്നില്ല എന്നുള്ളതാണ് ജനങ്ങളുടെ പരാതി. ഈ പരാതി അടിയന്തിരമായി പരിഹരിക്കേണ്ടതുണ്ട്. ഈ മേഖലയിലെ ശുദ്ധജല ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി തുടക്കം കുറിച്ച പദ്ധതിയാണ് ഹഡ്കോ പദ്ധതി. ഹഡ്കോ പദ്ധതിയുടെ ഭാഗമായി പണിയേണ്ട പള്ളുരുത്തിയിലെ വാട്ടർടാങ്കിന്റെ നിർമ്മാണം ഇതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ടാങ്ക് നിർമ്മിക്കേണ്ട സ്ഥലം സംബന്ധിച്ചുണ്ടായ തർക്കം കൊച്ചി നഗരസഭയുടെ സഹായത്തോടുകൂടി പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. അടിയന്തിരമായി വാട്ടർ ടാങ്കിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കേണ്ടതുണ്ട്. അതോടൊപ്പംതന്നെ ഹഡ്കോ പദ്ധതി പൂർത്തീകരിക്കുന്നതിന് ഇന്ന് തടസ്സമായി നിൽക്കുന്ന ചില പ്രശ്നങ്ങൾ പരിഹരിക്കാൻ ഗവൺമെന്റ് തലത്തിൽ അടിയന്തിര നടപടി സ്വീകരിക്കേണ്ടതുണ്ട്. ഇത് സ്വീകരിക്കുന്നതോടൊപ്പം തന്നെ ഇപ്പോൾ ജലക്ഷാമം നേരിടുന്ന മേൽപ്പറഞ്ഞ പ്രദേശങ്ങളിൽ ശുദ്ധജലം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണം. ഇപ്പോൾ റവന്യൂ വകുപ്പ് കൊച്ചി നഗര സഭയുടെ ഈ പ്രദേശങ്ങളിൽ ടാങ്കർ ലോറികളിൽ ജലം കൊണ്ടുപോയി വിതരണം ചെയ്യുന്നുണ്ട്. ഇത് വളരെ അപര്യാപ്തമാണ്. ജനങ്ങൾ നിത്യവും കുടിവെള്ളത്തിനുവേണ്ടി വഴക്കും വക്കാണവുമാണ്. അതുകൊണ്ട് ഈ പ്രശ്നം ഗൗരവമായി കണ്ട് ഈ പ്രദേശങ്ങളിൽ ശുദ്ധജലം ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, ഹഡ്കോ സഹായത്തോടുകൂടി നടപ്പാക്കുന്ന ഈ ശുദ്ധജല വിതരണ പദ്ധതിക്ക് 58.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ വിപുലീകരണ പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞാൽ കൊച്ചി കോർപ്പറേഷനിലെ അഞ്ചു മുനിസിപ്പാലിറ്റികളിലും 27 പഞ്ചായത്തുകളിലുമുള്ള 15 ലക്ഷത്തിലധികം ജനങ്ങൾക്ക് കൂടുതൽ ജലം ലഭ്യമാകുന്നതാണ്. ഈ പദ്ധതിക്ക് വേണ്ടതായ 15 ഹെക്ടറിൽ 14.2 ഹെക്ടർ സ്ഥലവും ഏറ്റെടുത്തുകഴിഞ്ഞു. ആലുവയിൽ നിന്നും സംസ്കാര ജംഗ്ഷൻവരെ പൈപ്പ് ലൈൻ ഇടുന്നതിനാവശ്യമായ 15.3 കിലോമീറ്റർ നീളമുള്ള സ്ഥലത്തിൽ 95 ശതമാനവും ഏറ്റെടുത്തു കഴിഞ്ഞു. ബാക്കിയുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ധൃതഗതിയിൽ നടന്നുവരുന്നു. ഈ പദ്ധതി നടപ്പാക്കുന്നതോടൊപ്പം ഭാവിയിൽ നടപ്പിലാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

ഉദ്ദേശിക്കുന്ന ബൃഹത് പദ്ധതിയുടെ പ്രധാന ഘടകമായ പുതിയ ട്രാൻസ്മിഷൻ മെയിനിനുള്ള സ്ഥലം കൂടി ഏറ്റെടുക്കുന്നുണ്ട്. നിലവിലുള്ള ശുദ്ധീകരണ ശാലകളിലെ ഉത്പ്പാദനത്തോത് വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിലൂടെ അധികമായി ലഭിക്കുന്ന 108 ദശലക്ഷം ലിറ്റർ ജലത്തിൽ 73 ദശലക്ഷം ലിറ്റർ എറണാകുളത്തും 25 ദശലക്ഷം ലിറ്റർ പശ്ചിമ കൊച്ചിയിലും 10 ദശലക്ഷം ലിറ്റർ വൈപ്പിൻ ദ്വീപിലും വിതരണം ചെയ്യും. ആലുവ മുതൽ പള്ളുരുത്തി, പുതുവൈപ്പ് എന്നിവിടങ്ങളിലേക്ക് 30 കിലോമീറ്റർ ദൈർഘ്യത്തിൽ അധികവാഹകശേഷിയുള്ള ട്രാൻസ്മിഷൻ മെയിനുകളും സ്ഥാപിക്കും. ഇതിൽ ആലുവ മുതൽ സംസ്ക്കാര ജംങ്ഷൻ വരെയുള്ള 15.3 കിലോമീറ്റർ പൈപ്പ് ലൈൻ 4 റീച്ചുകളായി സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ വിളിച്ചുകഴിഞ്ഞു. പുക്കോട്ടുപടിയിൽ നിന്നും വടുതലവരെ 6.7 കിലോമീറ്റർ നീളത്തിൽ 800 എം. എം. വ്യാസമുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള പണികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. വടുതലയിലുള്ള 2.5 ദശ ലക്ഷം ലിറ്റർ ശേഷിയുള്ള ജലസംഭരണിയുടെ പണിയും വടുതല മുതൽ പുതുവൈപ്പ് വരെ കായലിന്റെ അടിയിൽക്കൂടി 2.65 കിലോമീറ്റർ നീളത്തിൽ 630 മില്ലീമീറ്റർ എച്ച്. ഡി. പി. ഇ. പൈപ്പ് ലൈൻ ഇടുന്ന പണികളും പൂർത്തിയായി. ഇളംകുളത്ത് 6.48 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജല സംഭരണിയുടെ പണികൾ ആരംഭിച്ചു കഴിഞ്ഞു. പള്ളുരുത്തിയിലുള്ള 8.1 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലസംഭരണിയെ സംബന്ധിച്ചിടത്തോളം 27-10-1999-ൽ എഗ്രിമെന്റ് വച്ചു എങ്കിലും സ്ഥലത്തിന്റെ മേലുള്ള തർക്കംകാരണം പണികൾ ആരംഭിക്കാൻ കഴിഞ്ഞില്ല. 1973-ൽ പശ്ചിമ കൊച്ചിയിൽ ശുദ്ധജല വിതരണത്തിനായി രണ്ടു ജലസംഭരണികൾ പണിയുന്നതിനാവശ്യമായ 76.5 സെന്റ് പുറമ്പോക്കു സ്ഥലം പള്ളുരുത്തിയിൽ എറണാകുളം ജില്ലാ കളക്ടർ പി. എച്ച്. ഇ.ഡി ക്ക് കൈമാറിയിട്ടുണ്ട്. കൈവശമുള്ള 76.5 സെന്റ് സ്ഥലം അപര്യാപ്തമായതിനാൽ ഈ സ്ഥലത്തിനോട് ചേർന്നുള്ള 13.5 സെന്റ് പുറമ്പോക്ക് ഭൂമികൂടി വാങ്ങുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. അപ്രകാരം 30-3-1999-ന് സെന്റൊന്നിന് 1,20,000 രൂപ എന്ന നിരക്കിൽ 15,93,000 രൂപ അടച്ച് വാട്ടർ അതോറിറ്റി പ്രസ്തുത സ്ഥലം കൂടി ഏറ്റെടുത്തു. സ്ഥലം വാട്ടർ അതോറിറ്റിക്ക് കൈമാറുന്നതിനെ ഈ സ്ഥലത്തിനടത്തുള്ള ശ്രീ. വെങ്കിടാചലപതി ക്ഷേത്ര ഭാരവാഹികൾ എതിർത്തു എങ്കിലും ഫോർട്ട് കൊച്ചി സബ്കളക്ടറുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ പ്രശ്നം പരിഹരിച്ച് സ്ഥലം കൈമാറുകയാണുണ്ടായത്. വൈദ്യുതിത്തകരാറുകൾ പൂർണ്ണമായി അകറ്റുവാൻ ആലുവയിൽ ഒരു 110 കെ. വി. സബ് സ്റ്റേഷൻ നിർമ്മിക്കുവാനുള്ള ടെൽക്-ന്റെ 7.84 കോടി രൂപയ്ക്കുള്ള ഓഫർ അനുമതിക്കായി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് കാലതാമസം ഉണ്ടാകാനുള്ള പ്രധാന കാരണം സ്ഥലമെടുപ്പിന് ജനങ്ങളിൽ നിന്നുണ്ടായ എതിർപ്പാണ്. ഇത് പരിഹരിക്കുന്നതിന് ഒരു പാക്കേജ് പ്രഖ്യാപിക്കുകയും എതിർപ്പുകളെല്ലാംതന്നെ ഇല്ലാതാകുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി 2002 ഡിസംബർ 31-ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly